# അഴിമതിക്കാർക്കെതിരെ ഒന്നിക്കണം

എൻ ബി എയുടെ പ്രവർത്തകനായ **ചേതൻ**

1999 മുതൽ നർമ്മദ സമരത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. വന്ന സമയത്ത് പ്രശ്നം ഇത്ര രൂക്ഷമാണെന്ന ധാരണ ഉണ്ടായിരുന്നില്ല. പത്രവാർത്തകളിലൂടെ ഇവിടെ ഡാം വരുന്നു; പ്രശ്നങ്ങളുണ്ട് എന്നൊക്കെയറിയാമായിരുന്നു, അത്ര മാത്രം. എന്നാൽ ഡാം വന്നാൽ ജീവിതം നഷ്ടമാകുന്ന ഗ്രാമങ്ങളിൽ പോയപ്പോഴാണ് പ്രശ്നത്തിന്റെ രൂക്ഷത എനിക്ക് മനസ്സിലായത്. നാം നിസ്സാരമെന്ന് കരുതുന്ന റേഷൻ കാർഡോ ഐഡന്റിറ്റി കാർഡോ ഒന്നുമിവർക്ക് ലഭിച്ചിട്ടില്ല. തൊഴിൽ ലിസ്റ്റിലും ഇവരെ രേഖപ്പെടുത്തിയിരുന്നില്ല. അതുകൊണ്ട് തന്നെ പുനരധിവസിക്കപ്പെട്ടവരുടെ കൂട്ടത്തിലും ഇവരുണ്ടായിരുന്നില്ല. ഗ്രാമത്തിൽ സ്കൂളുകളുണ്ടായിരുന്നില്ല, ഉള്ളവയിൽ അധ്യാപകർ പഠിപ്പിക്കാനുണ്ടായിരുന്നില്ല. അങ്ങനെ ജീവൻശാലകൾ ആരംഭിച്ചു. ഇന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ജീവൻശാലകൾ മിക്കവാറും ആദിവാസിമേഖലകളിലാണ്.

ഡാമിന്റെ ദോഷങ്ങൾ അറിയാൻ പുതുതലമുറ നിരവധി പഠനങ്ങൾ നർമ്മദയിൽ നടത്തുന്നുണ്ട്.



**നമുക്ക് നീതിലഭിക്കേണ്ട ഭരണകൂടത്തിൽ നിറയെ അഴിമതിക്കാരാണ്. ഇത്തരത്തിലുള്ള പാവപ്പെട്ട ആളുകൾ പ്രബുദ്ധരാകരുതെന്ന പക്ഷക്കാരാണ് ഭൂരിപക്ഷം ഭരണാധികാരികളും**

ഇത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിലൂടെ ഞങ്ങളും പഠിക്കുകയാണ്. എന്റെ അഭിപ്രായത്തിൽ കൂടുതൽ യുവാക്കൾ സമരത്തിലേക്ക് ഇനിയും കടന്നുവരണം. വിവിധ പ്രശ്നങ്ങളിൽ ഓരോന്നും സ്വയമേറ്റെടുത്ത് പരിഹരിക്കുന്നതോടൊപ്പം ഒരേ സ്വരത്തിൽ നർമ്മദയെ രക്ഷിക്കുക എന്ന പൊതുമുദ്രാവാക്യം എത്ര ശക്തമായി എത്തിക്കാൻ സാധിക്കുന്നുവോ അതാണ് പ്രധാനം.

തുടർന്ന് സമരം ഇതിലും ശക്തമാക്കണം. കാരണം നമുക്ക് നീതിലഭിക്കേണ്ട ഭരണകൂടത്തിൽ നിറയെ അഴിമതിക്കാരാണ്. ഇത്തരത്തിലുള്ള പാവപ്പെട്ട ആളുകൾ പ്രബുദ്ധരാകരുതെന്ന പക്ഷക്കാരാണ് ഭൂരിപക്ഷം ഭരണാധികാരികളും.

അത്തരക്കാർക്കെതിരെ എൻ.എ.പി.എം പോലുള്ള സംഘടനകളുടെ കൂട്ടായ്മ രൂപപ്പെടേണ്ടത് അത്യാവശ്യമായിരിക്കുന്നു. എങ്കിൽ മാത്രമേ അഴിമതിക്കാരായ ഭരണാധികാരികളിൽ സമ്മർദ്ദം ചെലുത്തി സാമൂഹ്യവിരുദ്ധ വികസനത്തിനെതിരെ വിജയം നേടാൻ നമുക്ക് കഴിയൂ.